# എനർജി മാനേജ്മെന്റ് സെന്ററിന്റെ രാജ്യാന്തര ഊർജമേള

തിരുവനന്തപുരം● എനർജി മാനേജ്മെന്റ് സെന്ററിന്റെ രാജ്യാന്തര ഊർജമേള മന്ത്രി കെ.കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.പുനരുപയോഗ ഊർജസ്രോതസുകളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചു സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലെത്തിക്കുകയാണു ലക്ഷ്യമെന്നു അദ്ദേഹം പറഞ്ഞു. സംസ്ഥാന ഊർജ സംരക്ഷണ.അവാർഡുകളുടെ വിതരണവും അവാർഡ് ബുക്ക് ലെറ്റിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

ഊർജ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറി കെ.ആർ ജ്യോതിലാൽ അധ്യക്ഷത വഹിച്ചു.

എനർജി മാനേജ്മന്റ് സെന്റർ ഡയറക്ടർ ഡോ .ആർ ഹരികുമാർ, സംസ്ഥാന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ജി. വിനോദ്, എനർജി മാനേജ്മെന്റ് സെന്റർ റജിസ്ട്രാർ ബി.വി സുഭാഷ് ബാബു എന്നിവർ പ്രസംഗിച്ചു.